(ഡി) സംസ്ഥാന മിനി ചാമ്പ്യൻഷിപ്പ് സംസ്ഥാന സബ്ജൂനിയർ ചാമ്പ്യൻഷിപ്പ് എന്നിവയിൽ നിന്നും 25 വീതം ആൺകുട്ടികളേയും പെൺ കുട്ടികളേയും തെരഞ്ഞെടുത്ത് ഇവർക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ ഗെയിംസ് ഫോർ വോളിബോൾ എന്ന പദ്ധതിയിലൂടെ കേരളത്തിലെ എല്ലാ ജില്ലകളിലേയും സ്കൂളുകളിൽ മത്സരങ്ങൾ നടത്തി ഓരോ ജില്ലയിൽ നിന്നും ആൺ പെൺ വിഭാഗത്തിൽ 10 താരങ്ങളെ വീതം തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചു വരുന്നു.

പുല്ലുരാംപാറയിലെ മത്തായി ചാക്കോ സ്മാരക സ്പോർട്സ് കോംപ്ലക്സ്

210 (2310) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) പുല്ലുരാംപാറയിലെ മത്തായി ചാക്കോ സ്മാരക സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭരണാനുമതി ഇപ്പോൾ ഏത് ഘട്ടത്തിലാ ണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്ന തിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പുല്ലുരാംപാറയിലെ മത്തായി ചാക്കോ സ്മാരക സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

നീന്തൽ പരിശീലന കേന്ദ്രത്തിന്റെ വികസന പ്രോജക്ട്

211 (2311) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് നിർമ്മിച്ച നീന്തൽ പരിശീലന കേന്ദ്രത്തിന്റെ വികസന പ്രോജക്ടിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ പ്രോജക്ട് എന്നേക്ക് പൂർത്തീകരിക്കാൻ സാധിക്കു മെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എലത്തൂർ പഞ്ചായത്ത് നിർമ്മിച്ച നീന്തൽ പരിശീലന കേന്ദ്രത്തിന്റെ വികസനത്തിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

മൂന്നാർ ഹൈ ആൾട്ടിറ്റ്യൂട്ട് സ്പോർട്സ് കോംപ്ലക്സ്

212 (2312) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സ്പോർട്സ് കോംപ്ലക്സ് പ്രവർത്തനക്ഷമമായോ ;

(ബി) എന്നുമുതലാണ് ഇത് പ്രവർത്തനക്ഷമമായത് എന്ന് വെളിപ്പെടുത്തുമോ ;

(സി) കായിക താരങ്ങളെ അവിടെ താമസിപ്പിച്ച് പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഇപ്പോഴും അവിടെയുള്ള ഗ്രൗണ്ട്, കായികതാരങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത നിലയിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 2011-ൽ കേരളത്തിൽ നടക്കുവാൻ പോകുന്ന ദേശീയ ഗെയിംസിന്റെ വേദികളിലൊന്നായി ഈ സെന്ററിനെക്കൂടി ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 28-3-2008 മുതലാണ് പ്രവർത്തിച്ചുതുടങ്ങിയത്

(സി) ഇതിനു വേണ്ടി 400 മീറ്റർ ട്രാക്കും ഫുട്ബോൾ ഗ്രൗണ്ടും ഒരു ഹോസ്റ്റലിന്റെ പണിയും പൂർത്തീകരിക്കുകയും ഫുട്ബോൾ സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല

(ഇ) ദേശീയ ഗെയിംസ് നടക്കുന്ന വേദികൾ നിശ്ചയിച്ചു കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത സ്പോർട്സ് കോംപ്ലക്സ് ദേശീയ ഗെയിംസിന്റെ വേദികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly